## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 113 — 13.06.2013 -ൽ മറുപടിയ്ക്ക്

### മലയാളം ഒന്നാം ഭാഷയാക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എ.എം.ആരിഫ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്ന സർക്കാർ ഉത്തരവ് സ്കൂളുകളിൽ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ ; പഠന സമയം എങ്ങനെ ക്രമീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത് ; | (എ) & (ബി) 27.06.2011 -ലെ സ:ഉ (എം.എസ്) നം.148/11 പ്രകാരം സംസ്ഥാനത്തെ സ്ക്കൂളുകളിൽ മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇതു സംബന്ധിച്ച് ചില പരാതികൾ ലഭിച്ചതിനെത്തുടർന്ന് സ:ഉ(പി) നം.183/2011/പൊ.വി. തീയതി 01.09.2011 പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മലയാളം പാർട്ട് രണ്ട് പാഠാവലി കൂടുതൽ ഫലപ്രദമായി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ടിന് പകരം മൂന്ന് പീരിയഡുകൾ നീക്കി വെയ്ക്കേണ്ടതാണെന്നും അതിനായി |

(..........2)

ചൊവ്വാഴ്ച ദിവസം ടൈംടേബിൾ 8 പീരിയഡായി പുന:ക്രമീകരിച്ച് ഒരു അധിക പീരീയഡ് കണ്ടെത്തേണ്ടതാണെന്നും അന്നേ ദിവസം ഉച്ചവരെ 40 മിനിട്ടിന്റെ 4 പീരിയഡുകളും ഉച്ചയ്ക്ക് ശേഷം 35 മിനിട്ടിന്റെ 4 പീരിയഡുകളായി പഠന സമയം പുന:ക്രമീകരിക്കേണ്ടതാണെന്നും അതോടൊപ്പം അറബി, സംസ്കൃതം ഓറിയന്റൽ സ്ക്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിന് മൂന്ന് പീരിയഡുകൾ അധികമായി കണ്ടെത്തേണ്ടതാണെന്നും ഇതിനായി ചൊവ്വ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ടൈംടേബിൾ 8 പീരിയഡായി പുന: ക്രമീകരിച്ച് ദിവസം ഒന്ന് വീതം മൂന്ന് പീരിയഡുകളും ഉച്ചയ്ക്ക്ശേഷം 35 മിനിറ്റിന്റെ 4 പീരിയഡുകളുമായി പഠനസമയം ക്രമീകരിക്കേണ്ടതാണെന്നും ഈ ക്രമീകരണം നടത്തി എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പു വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എയ്ഡഡ് മേഖലയിലെ ഇംഗ്ലീഷ് മിഡിയം സ്കൂളുകളിൽ മിക്കതിലും മലയാളം പഠിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അൺ എയ്ഡഡ് സ്കൂൾ ഉൾപ്പെടെ മലയാളം പഠിപ്പിക്കാത്ത മുഴുവൻ വിദ്യാലയങ്ങളുടെയും പേരിൽ ശക്തമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(ഡി) മലയാള ഭാഷാപഠനം സംബന്ധിച്ച ഉത്തരവ് നടപ്പിലാക്കിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട സ്ക്കൂളുകൾക്കെതിരെ അന്വേഷണവിധേയമായി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (ഇ) മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നതിന് സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകുമോ ? | (ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ